# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine


JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. APRIL 2024. ₹5.00

VOL. 05 - ISSUE NO. 13 - DATE OF PUBLICATION 25TH APRIL, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## ഒന്നിക്കാം, രൂപപ്പെടുത്താം

# പുതിയ വ്യവസായ കേരളം

### വ്യവസായ അസോസിയേഷനിൽ തുടരൂ, അംഗമാകൂ...



FREEP!K @freepic.diller


03 വീണ്ടും വ്യവസായികളോട്

05 സംരംഭകരെ ആദരിക്കുക അംഗീകരിക്കുക

07 എം.എസ്.എം.ഇ.കൾക്ക് കൂട്ടായി വളരാൻ ക്ലസ്റ്റർ വികസന പദ്ധതികൾ പ്രയോജനപ്പെടുത്താം

08 ബാധ്യത കച്ചവടക്കാർക്കും, അധിക നികുതി വരുമാനം സർക്കാരിനും എന്നാക്കുമ്പോൾ സെക്ഷൻ 43 (B) (h) ഭരണഘടന വിരുദ്ധമാകുമോ?

11 ഇൻഷുറൻസ് - എന്തിന്, എത്രത്തോളം

12 നവ്യ ബേക്കേഴ്സിന്റെ വിജയഗാഥ...

14 മുഖാമുഖം - അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ഐ.എ.എസുമായി

16 സംരംഭകർക്ക് ലഭ്യമായ നാല് പ്രധാന മൂലധന നിക്ഷേപ സബ്സിഡി പദ്ധതികൾ

19 പുതിയ ആദായനികുതി നിയമങ്ങൾ; മാറ്റങ്ങളും നേട്ടങ്ങളും

20 ത്രിമാന നിർമ്മിതികളുടെ അദ്ഭുതലോകം

22 ഫുഡ് എക്സ്പോ 2024 ഒക്ടോബർ 4 മുതൽ 6 വരെ കിൻഫ്രാ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ

# കേരളത്തിലെ No 1 ടൈൽ പോളിഷ്




ISO 9001-2015 CERTIFIED COMPANY

+91 9656 80 10 85, +91 9497 45 10 92

**KANNUR**

dmdpaints@gmail.com www.diamondpaintsindia.com

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION APRIL 2024 ₹ 5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058
B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569
George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

# എഡിറ്റോറിയൽ

## വീണ്ടും വ്യവസായികളോട്



വ്യവസായ അസോസിയേഷനിൽ അംഗമാകുന്നത് കൊണ്ട് ഗുണമുണ്ടോ?. സമൂഹത്തിനും ദേശത്തിനും ഗുണകരമാണ്. വ്യവസായ വളർച്ചയും ദേശ പുരോഗതിയും വ്യവസായികളുടെ നേട്ടവും സാക്ഷാത്കരിക്കും വിധമാണ് നമ്മുടെ അസോസിയേഷൻ പ്രവർത്തന പദ്ധതികൾ രൂപകൽപന ചെയ്തിരിക്കുന്നത്.

ഈ അസോസിയേഷനിൽ പങ്കാളികളാകുന്ന വ്യവസായികൾക്ക് ഒട്ടനവധി ഗുണം ലഭിക്കും എന്നതിൽ സംശയമില്ല. വ്യവസായ മേഖലയിലെ സകലവിധ അറിവുകളും പരസ്പരം പങ്കുവയ്ക്കാൻ കഴിയും. കാരണം പലതരം വ്യവസായികളുമായാണ് ഇടപഴകുന്നത്. അവരുടെ അറിവുകളും അനുഭവങ്ങളൊക്കെ പങ്കുവയ്ക്കാൻ അവസരങ്ങൾ ലഭിക്കുന്നു എന്നതാണ് അസോസിയേഷന്റെ പ്രധാന നേട്ടം. വ്യവസായങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, ഇവന്റുകൾ, ട്രെയിനിങ്ങുകൾ ഒക്കെ നമ്മുടെ അസോസിയേഷൻ സംഘടിപ്പിക്കുന്നുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതത് മേഖലയിലെ പ്രഗൽഭരുടെ ഉപദേശങ്ങൾ തേടുവാനും പരിഹാരം കണ്ടെത്തുവാനും അസോസിയേഷൻ മുൻകൈയെടുക്കുന്നുണ്ട്. അതാകട്ടെ വ്യവസായത്തിന് ഏറെ സഹായകരമായി തീരുന്നു. വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടു പോകുമ്പോൾ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് വ്യവസായികൾക്ക് കൃത്യസമയത്ത് തന്നെ ഇൻഫർമേഷൻ ലഭ്യമാക്കുന്നതിന് അസോസിയേഷൻ ജാഗ്രത പുലർത്തുന്നുണ്ട്.

ഗവൺമെന്റ് കാലാകാലങ്ങളിൽ ഇറക്കുന്ന റെഗുലേഷൻസ്, പുതിയ ഇൻവെൻഷൻസ് എന്നിവ വാട്സാപ്പിലൂടെയോ, ഇ–മെയിലിലൂടെയോ, KSSIA ന്യൂസിലൂടെയോ നിങ്ങളുടെ കൈകളിൽ എത്തുന്നു – നിങ്ങൾ അസോസിയേഷൻ അംഗങ്ങൾ ആണെങ്കിൽ. അസോസിയേഷൻ പ്രോഗ്രാമുകളിൽ അതിവിദഗ്ധർ പ്രയോജനകരമായ ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്

ഗവൺമെന്റിന്റെ പുതിയ നിയമങ്ങളിലോ മാറ്റങ്ങളിലോ ഒറ്റക്ക് നിന്ന് ശബ്ദിച്ചാൽ അത് എവിടെയും എത്തില്ല. അതേസമയം നമ്മുടെ കമ്മ്യൂണിറ്റിയുടെ ഭാഗമായ അസോസിയേഷനോട് ആവശ്യപ്പെടാം, അതിന്റെ ദോഷവശങ്ങൾ അസോസിയേഷനെ അറിയിക്കാം. നമ്മൾ ഒരുമിച്ച് നിന്ന് ശക്തിയോടെ ആവശ്യപ്പെട്ടാൽ എളുപ്പത്തിൽ കാര്യങ്ങൾ നേടിയെടുക്കാൻ കഴിയും എന്നതിൽ തർക്കമില്ല. വ്യവസായത്തിന്റെ നിലനിൽപ്പും തൊഴിലാളികളുടെ ജീവിത വഴിയും ദേശത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. അത് തന്നെയാണ് അസോസിയേഷന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. നമുക്ക് ഒരുമിക്കാം വ്യവസായ പുരോഗതി വർധിപ്പിക്കാം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

**LIMITED STALLS AVAILABLE**

Organizer

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION

INDIA INTERNATIONAL INDUSTRIAL EXPO

Supported by

MSME

DEPARTMENT OF INDUSTRIES & COMMERCE

In association with

METRO mart

Media Partner

METRO M MEDIA

MACHINEMAKER

# India International INDUSTRIAL EXPO

*Your Gateway to a Comprehensive Industrial Showcase*

IIIE 2024





2024 DECEMBER
13 14 15

KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE
KOCHI | KERALA | INDIA

**Book Your Stall Now**

For more details
+91-9947733339
+91-9995139933
info@iiie.in

www.iiie.in

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# സംരംഭകരെ ആദരിക്കുക അംഗീകരിക്കുക

നമ്മുടെ രാജ്യത്തിന്റെ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത് സംരംഭകരാണ്. സംസ്ഥാനത്തിന്റെ സമ്പത്ത് ഘടനയുടെ വളർച്ചയിലും തൊഴിൽ വികസനത്തിലും സംരംഭകർ നല്കുന്ന സേവനം അളവറ്റതാണ്. സർക്കാരിന് ചെയ്യാൻ സാധിക്കാത്ത പല കാര്യങ്ങളും സ്വകാര്യ സംരംഭകർക്ക് ചെയ്യാൻ സാധിക്കുന്നുണ്ട്. നാടിനും ജനങ്ങൾക്കും ഒപ്പം നിന്ന് അവരുടെ അഭിരുചിക്കനുസരിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് നാടിന്റെ വികസനത്തിൽ മുഖ്യ കണ്ണിയാകുന്ന സംരംഭകർക്ക് അവർ അർഹിക്കുന്ന ആദരവും അംഗീകാരവും ലഭിക്കുന്നില്ലെന്നുള്ള പരാതി പരക്കെ നിലവിലുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ മികച്ച സംരംഭകരെ തെരഞ്ഞെടുത്ത് അവാർഡുകൾ നല്കി വരുന്ന വസ്തുത മറന്നു കൊണ്ടല്ല ഇക്കാര്യം സൂചിപ്പിച്ചത്.

മറ്റു രാഷ്ട്രങ്ങളിൽ സ്വകാര്യ സംരംഭകർക്ക് നല്കി വരുന്ന ആദരവും അംഗീകാരവും ഇവിടത്തെ സംരംഭകർക്ക് ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അമേരിക്ക ഒരു വൻ സാമ്പത്തിക ശക്തി ആകാനുള്ള കാരണം സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് മാത്രമാണ്. അമേരിക്കയിലെ ഒരു ഉല്പന്നം മറ്റ് ഏത് രാജ്യത്തും വിറ്റഴിച്ചാലും അതിന്റെ നികുതി വിഹിതം അമേരിക്കയ്ക്ക് തിരിച്ചു വരും. അതുപോലെ ചൈന ലോകത്തിലെ വൻ വ്യവസായ വികസിത രാജ്യമായി വളർന്നത് സംരംഭകരുടെ പ്രോത്സാഹന ജനകമായ സേവനങ്ങളിലൂടെ മാത്രമാണ്. അവിടത്തെ സംരംഭങ്ങൾക്ക് വളരാൻ സഹായിച്ചത് നിയമങ്ങളും ചട്ടങ്ങളും അനുകൂലമായതുകൊണ്ടാണ്. അതുപോലെ ഇവിടത്തെ നിയമങ്ങളും ചട്ടങ്ങളും കൂടുതൽ ലഘൂകരിക്കാനുള്ള നടപടികളും അനിവാര്യമാണ്. ഈ കാര്യങ്ങളെല്ലാം പൂർണ്ണമായും നല്ല രീതിയിൽ പ്രാവർത്തികമാക്കിയാലെ ഇവിടത്തെ സംരംഭങ്ങൾക്ക് വളരാൻ സാധ്യമാകു. അതിന് സർക്കാരിന്റെയും സമൂഹത്തിന്റെയും ഉദ്യോഗസ്ഥ തലത്തിലുള്ള സമീപനത്തിലും അനുകൂലമായ നിലപാടായി മാറിയിട്ടുണ്ടെങ്കിലും പൂർണ്ണ തോതിൽ ഇത് സാദ്ധ്യമാകുന്നതിനുള്ള ശ്രമവും, നടപടി കളും തുടരേണ്ടത് അനിവാര്യമാണ്.

സിനിമ, കലാ കായിക, സാഹിത്യ മേഖലയിലുള്ളവരെ പൊതു ചടങ്ങളുകളിൽ വച്ച് സർക്കാർ ആദരിച്ചു വരുന്നുണ്ട്. അതു പോലെ തന്നെ സംരംഭകരെ ഒരു പൊതു സ്വത്തിന്റെ ഭാഗമാക്കി അവർ ചെയ്യുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ നാടിന് നല്കുന്ന നികുതിയുടെയും തൊഴിലിന്റെയും തോത് അനുസരിച്ച് സംരംഭകരെ പൊതു ചടങ്ങുകളിൽ വച്ച് ആദരിക്കാനും അംഗീകരിക്കാനും സർക്കാർ തയ്യാറാവണമെന്ന് അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**


CERTIFIED
BEST-IN-CLASS
QUALITY
BY CUSTOMERS
DEWTON®
LED
GERMANY
The brighter way of living.
ADVANCED
GERMAN
TECHNOLOGY
LM-80
Certified LEDs
2
YEARS
GUARANTEE
BIS
APPROVED
DOMESTIC LIGHTS I COMMERCIAL LIGHTS I ARCHITECTURAL LIGHTS I INDUSTRIAL LIGHTS
Customer Enquiry: + 91 9778 42 2644 | Project Enquiry: + 91 8281 99 8369 | Dealership Enquiry: + 91 9778 41 7237
Email: dewtonled@gmail.com | www.dewtonindia.com

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# എം.എസ്.എം.ഇ. കൾക്ക് കൂട്ടായി വളരാൻ ക്ലസ്റ്റർ വികസന പദ്ധതികൾ പ്രയോജനപ്പെടുത്താം

സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദന ക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിയ ഒരു പദ്ധതിയാണ് വ്യവസായ വികസന ക്ലസ്റ്റർ പദ്ധതി. സമാനമായ ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിനും അവർക്കാവശ്യമായ പൊതു സേവനങ്ങൾ ഒരേ സ്ഥലത്ത് നിന്നു തന്നെ ലഭിക്കാനുള്ള ഒരു പദ്ധതിയാണിത്. എം.എസ്.എം.ഇ. മേഖലയിൽ വൻ വികസന സാദ്ധ്യതകൾ ലക്ഷ്യം വച്ചു കൊണ്ട് വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതിയാണ് വ്യവസായ വികസന ക്ലസ്റ്ററുകൾ. ഒറ്റയ്ക്ക് ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ഒരുമിച്ച് കൂട്ടായ്മയോടെ ചെയ്യുക എന്നതാണ് വ്യവസായ ക്ലസ്റ്ററുകളുടെ മുഖ്യലക്ഷ്യം. മുതൽ മുടക്കിന്റെ അഭാവം, തൊഴിലാളികളുടെ ലഭ്യത കുറവ്, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട്, ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനുള്ള അറിവില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ക്ലസ്റ്ററുകൾക്ക് പരിഹാരം കാണാൻ സാധിക്കും.

ഉല്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ നിർമ്മാണം, കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള അസംസ്കൃത സാധനങ്ങൾ സംഭരിക്കൽ, മുല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം ചെറുകിട സംരംഭകരുടെ പരിമിതികൾ മറികടന്ന് വലിയ കരാറുകളിൽ ഏർപ്പെടൽ, വിപണിയിൽ ആഗോള തലത്തിൽ മത്സരിക്കുന്നതിനുള്ള സാദ്ധ്യതകൾ തുടങ്ങി നിരവധി മേഖലകളിൽ സംരംഭകർക്ക് പ്രയോജനം ലഭിക്കാൻ ഈ ക്ലസ്റ്ററുകൾ വളരെ സഹായകരമാകും. ഈ വ്യവസായ വികസന ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.എം. ഇ.–സി.ഡി.പി. പദ്ധതി പ്രകാരം പദ്ധതിയുടെ 70 ശതമാനവും, 20 ശതമാനം സംസ്ഥാന സർക്കാരും ധനസഹായമായി അനുവദിക്കും. ബാക്കി 10 ശതമാനം മാത്രമേ ഗുണഭോക്താക്കൾ വഹിക്കേണ്ടതുള്ളു. സംസ്ഥാനത്ത് വിവിധ മേഖലകളിലെ ഏതാണ്ട് 37 വ്യവസായ ക്ലസ്റ്ററുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ 12 എണ്ണം കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ കോമൺ ഫെസിലിറ്റി പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായത്തിന് അർഹതയായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് വഴി ഒരുക്കുന്ന ഈ വ്യവസായ വികസന ക്ലസ്റ്ററുകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും നമുക്ക് ഒത്തോരുമിച്ച് പ്രവർത്തിക്കാം. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

MSME
Section 43 (b) (h)

# ചെറുകിട വ്യവസായികൾക്കായി നികുതി ആനുകൂല്യം നല്ലത് തന്നെ. പക്ഷേ ബാധ്യത കച്ചവടക്കാർക്കും, അധിക നികുതി വരുമാനം സർക്കാരിനും എന്നാക്കുമ്പോൾ സെക്ഷൻ 43 (B) (h) ഭരണഘടന വിരുദ്ധമാകുമോ?

### ചോദ്യം:

01.04.2024 മുതൽ ഇൻകം ടാക്സിലെ 43 (B) (h) എന്ന വകുപ്പ് അനുസരിച്ച് ഒരു കച്ചവടക്കാരൻ എം.എസ്.എം.ഇ. അല്ലെങ്കിൽ ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിന്നും സാധനങ്ങൾ വാങ്ങി വിൽക്കുമ്പോൾ അതിന്റെ പണം സാധനം വാങ്ങി പരമാവധി 45 ദിവസത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ ആ കച്ചവടക്കാരന്റെ ചിലവിൽനിന്നും അത് ഇൻകം ടാക്സ് കണക്കിൽ കുറക്കാൻ പറ്റില്ലായെന്നും, അതിനു കൂടി ഇൻകം ടാക്സ് അടക്കേണ്ടി വരുമെന്നും കേൾക്കുന്നു.

ഉദാഹരണത്തിന്, ഒരാൾ 25 ലക്ഷം രൂപയുടെ വില്പന നടത്തുന്നുവെന്ന് വിചാരിക്കുക, അദ്ദേഹത്തിന്റെ സാധനങ്ങൾ വാങ്ങിയതും, മറ്റു ചിലവുകളും എല്ലാം കൂടി 22 ലക്ഷം രൂപയാണെന്നും വിചാരിക്കുക, അപ്പോൾ ഏകദേശ ലാഭം 3 ലക്ഷം രൂപ. അതിനാണ് ഇൻകം ടാക്സ് കൊടുക്കേണ്ടത് എന്നാണെങ്കിൽ, ഇപ്പോഴത്തെ നിയമം 43 (B) (h) അനുസരിച്ച് അയാൾ വാങ്ങിയ സാധനങ്ങളിൽ 15 ദിവസം മുതൽ 45 ദിവസത്തിനുള്ളിൽ എം.എസ്.എം.ഇ. യൂണിറ്റുകളിലേക്ക് കൊടുക്കാനുള്ള പൈസ മാർച്ച് 31 –നുള്ളിൽ കൊടുത്തു കഴിഞ്ഞിട്ടില്ലെങ്കിൽ ആ കൊടുക്കാത്ത തുക കൂടി ഉദാഹരണത്തിന് 5 ലക്ഷം രൂപ ഉണ്ടെന്ന് വിചാരിക്കുക ആ 5 ലക്ഷം രൂപ കൂടി അദ്ദേഹത്തിന്റെ ലാഭമായ 3 ലക്ഷത്തിൽ ചേർത്ത് 8 ലക്ഷം രൂപയുടെ നികുതി കൊടുക്കേണ്ടി വരുമെന്ന് പറയുന്നു. ഞങ്ങളെ പോലുള്ള ആളുകൾക്ക് ഇത് എത്ര മാത്രം ബാധകമാണ്?

**വിനോദ്കുമാർ, കോട്ടയം**

### ഉത്തരം:



അഡ്വ. കെ.എസ്. ഹരിഹരൻ

എം.എസ്.എം.ഇ.ഡി. ആക്റ്റ് 2006 ബാധകമായ വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങളോ, സേവനങ്ങളോ സ്വീകരിക്കുന്നവർ പ്രത്യേകിച്ച് നിബന്ധനകൾ ഒന്നും ഇല്ലെങ്കിൽ 15 ദിവസത്തിനുള്ളിലും, പ്രത്യേക നിബന്ധനകൾ ഉണ്ടെങ്കിൽ ആ നിബന്ധന പ്രകാരവും പരമാവധി 45 ദിവസത്തിനുള്ളിൽ ക്രെഡിറ്റ് വാങ്ങിയ സാധനങ്ങളുടെ പേയ്മെന്റ് കൊടുത്തിട്ടില്ലായെങ്കിൽ അത് കൊടുക്കുന്നത് വരെ ഒരു ചെലവായിട്ട് അത്തരം പർച്ചേസുകളുടെ തുക ഇൻകം ടാക്സിന്റെ കണക്കിൽ എടുക്കാൻ പറ്റില്ല എന്ന ഒരു നിഷ്കർഷയുണ്ട്. ഇത് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉള്ള മൈക്രോ–സ്മോൾ എന്റർപ്രൈസസ്സുകൾക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്. എപ്പോൾ ആണോ ആ പണം നല്കുന്നത് അപ്പോൾ ആ ചെലവ് എഴുതാവുന്നതുമാണ്. നാട്ടിലെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയാണ് സർക്കാർ ഇത്തരം നടപടികൾ എടുക്കുന്നത്. എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉള്ള ചെറുകിട സൂക്ഷ്മ വ്യവസായികൾക്ക് അവരുടെ ഉത്പന്നങ്ങൾ കടകളിൽ കൊണ്ട് നൽകുമ്പോൾ നിശ്ചിത ദിവസത്തിനുള്ളിൽ അതിന്റെ പണം ലഭിച്ചില്ലായെങ്കിൽ അത്തരം യൂണിറ്റുകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരുപക്ഷേ ഇത്തരം കാര്യങ്ങൾ പരിഹാരം ആയേക്കാം. ഇത്തരം കാര്യങ്ങളിൽ നിയമം അങ്ങനെ പറയുന്നുണ്ടെങ്കിൽ അത് പാലിക്കാൻ ആ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്.

---

### ചോദ്യം:

എന്റെ സ്ഥാപനത്തിലെ പലർക്കും ഈ വിധത്തിൽ ഞാൻ 45 ദിവസത്തിനു ശേഷമൊക്കെ അതിന്റെ പണം നൽകാറുണ്ട്. അവർക്കു ഇത് ബാധകമാണോ?

### ഉത്തരം:

എം.എസ്.എം.ഇ. രജിസ്ട്രേഷനുള്ളതും അവരുടെ ഉത്പന്നങ്ങളോ സേവനങ്ങളോ സ്വീകരിക്കുന്നതുമായ സ്ഥാപനങ്ങൾക്കു മാത്രമാണ് ഈ നിബന്ധന ബാധകമാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് എം.എസ്.എം.ഇ. രജിസ്ട്രേഷനുള്ള ഒരു കച്ചവടക്കാരനു അയാൾ വാങ്ങി വിൽക്കുന്നതോ ആയ സാധനങ്ങൾ ഒരു കടക്കാരൻ വാങ്ങി അതിന്റെ പണം 45 ദിവസത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ ഈ

നിയമം അവിടെ ബാധകമല്ല. കാരണം, അത് ഒരു കച്ചവടക്കാരൻ കച്ചവടത്തിനുവേണ്ടി വാങ്ങി വില്പന നടത്തുന്ന സാധനങ്ങളുടെ വിൽപനയാണ്. അതേ സമയം അദ്ദേഹത്തിന് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉണ്ടെന്നതുകൊണ്ട് മാത്രം ഈ ആനുകൂല്യം ലഭിക്കുകയില്ല. എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉണ്ടായിരിക്കുകയും വേണം, ഉത്പന്നങ്ങൾ ഉണ്ടാക്കുകയോ, സേവനങ്ങൾ നൽകുകയോ ചെയ്തിരിക്കുകയും വേണം, അപ്പോൾ വാങ്ങി വിൽപന ഈ നിയമത്തിൽ ഉൾപ്പെടുന്നില്ല. അതായത് വാങ്ങി വിൽപന മാത്രം നടത്തുന്ന കച്ചവടക്കാർക്ക് ഇതിന്റെ ആനുകൂല്യം ക്രഡിറ്റേഴ്സിന്റെ കാര്യത്തിൽ കിട്ടുകയില്ല.

## ചോദ്യം:

**എം.** എസ്.എം.ഇ. രജിസ്ട്രേഷന്റെ പരിധികൾ ഒന്ന് വിവരിക്കാമോ?

## ഉത്തരം:

**എം.** എസ്.എം.ഇ. രജിസ്ട്രേഷൻ വിവരങ്ങൾ താഴെ ടേബിളായി നൽകിയിരിക്കുന്നു.

മാനദണ്ഡം: പ്ലാന്റ് ആന്റ് മെഷിനറി, ഉപകരണങ്ങൾ, വാർഷിക വിറ്റു വരവ് എന്നിവയിലെ നിക്ഷേപം.

| ക്ലാസ്സിഫിക്കേഷൻ | മൈക്രോ | സ്മാൾ | മീഡിയം |
|---|---|---|---|
| Manufacturing Enterprises and Enterprises rendering Services | Plant and Machinery അല്ലെങ്കിൽ ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം: 1 കോടി രൂപയിൽ കൂടരുത്, വാർഷിക വിറ്റു വരവ്, 5 കോടിയിൽ കൂടരുത്. | Plant and Machinery അല്ലെങ്കിൽ ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം: 10 കോടി രൂപയിൽ കൂടരുത്, വാർഷിക വിറ്റുവരവ്, 50 കോടിയിൽ കൂടരുത്. | Plant and Machinery അല്ലെങ്കിൽ ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം: 50 കോടി രൂപയിൽ കൂടരുത്, വാർഷിക വിറ്റുവരവ്, 250 കോടിയിൽ കൂടരുത്. |

## ചോദ്യം:

**2024** കണക്കുകൾ ക്ലോസ് ചെയ്യുമ്പോൾ ചെറുകിട വ്യവസായികൾ കണക്കിൽ ശ്രദ്ധിക്കേണ്ട ഈ നിയമം സംബന്ധിച്ച കാര്യങ്ങൾ ഒന്ന് വിശദീകരിക്കാമോ?

## ഉത്തരം:

**31.**03.2024 ൽ സൺട്രി ഡെബ്റ്റേഴ്സിന്റെ വിശദ വിവരങ്ങൾ സൂക്ഷിക്കുകയും, എം.എസ്.എം.ഇ. രജിസ്ട്രേഷനുള്ള സർവ്വീസ് പ്രോവൈഡേഴ്സിന്റെയോ മാന്യുഫാക്ചറേഴ്സിന്റെയോ കൊടുക്കാനുള്ള പേയ്മെന്റ് എത്രയെന്ന് അത് ഉണ്ടെങ്കിൽ കാണിക്കുകയും, ഇല്ലെങ്കിൽ അത് ഇല്ലായെന്ന ഒരു വിശദീകരണം ബാലൻസ് ഷീറ്റിലും, ബന്ധപ്പെട്ട സാമ്പത്തിക സ്റ്റേറ്റ്മെന്റിലും സൂക്ഷിക്കുന്നത് നന്നായിരിക്കും. ക്രെഡിറ്റേഴ്സിന്റെ ലിസ്റ്റിൽ അവർ എം.എസ്.എം.ഇ. രജിസ്ട്രേഷനുള്ള 43 (B) (h) ന്റെ പരിധിയിൽ വരുന്നവർ അല്ല എന്ന് എഴുതി സൂക്ഷിച്ച് ഉറപ്പ് വരുത്തുന്നത് നന്നായിരിക്കും.

എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉള്ളതുകൊണ്ട് മാത്രം ഈ ആനുകൂല്യം കിട്ടുകയില്ല. അത് ലഭിക്കണമെങ്കിൽ മൈക്രോ/സ്മാൾ ഇൻഡസ്ട്രീസ് രജിസ്ട്രേഷൻ ഉള്ളവരും, അവർ മാന്യുഫാക്ചറർ/ സർവ്വീസ് പ്രൊവൈഡർ എന്നിവർ ആയിരിക്കുകയും വേണം. കച്ചവടക്കാർക്ക് എം.എസ്.എം.ഇ. രജിസ്ട്രേഷൻ ലോൺ കിട്ടാനുള്ള സൗകര്യം പോലുള്ള ആനുകൂല്യങ്ങൾക്കും മറ്റും മാത്രമായിരിക്കും എടുത്തിട്ടുള്ളത്. എന്നാൽ അവർ പുനർ വിൽപന നടത്തുന്ന ട്രേയ്ഡേഴ്സ് ആയതുകൊണ്ട് ഈ ആനുകൂല്യം കിട്ടുകയില്ലായെന്ന് ഓർമിക്കുക.

ലക്ഷക്കണക്കിന് ചെറുകിട വ്യവസായികൾ തന്റെ ഉത്പന്നങ്ങൾ പല കടകളിലും വിറ്റു പോകുന്ന മുറയ്ക്ക് സ്റ്റോക്ക് നൽകി കൊണ്ടിരിക്കുന്നുണ്ട്. വ്യവസായികളുടെ താല്പര്യ പ്രകാരം വിൽക്കുന്ന മുറക്ക് പണം തന്നാൽ മതിയെന്ന കാലാകാലങ്ങളായിട്ടുള്ള വ്യവസായികളുടെ സൗകര്യങ്ങൾ മാറിയ നികുതി നിയമം മൂലം നഷ്ടപ്പെടുമ്പോൾ എം.എസ്.എം.ഇ. മേഖലയിലുള്ള പലരും അസ്വസ്ഥരാകുന്നു. ചെറുകിട കച്ചവടക്കാർക്ക് മൊത്തത്തിലും ചെറുകിട വ്യവസായികളിൽ നല്ലൊരു ഭാഗത്തിനും ഈ നികുതി മാറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മാത്രമല്ല, മാർച്ച് 31 ന് ശേഷം എം.എസ്.എം.ഇ. ക്കാരിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ഔട്ട് സ്റ്റാന്റിങ്ങ് പാടില്ല യെന്നും വരുമ്പോൾ ഡിസംബർ മാസം മുതൽ അവരിൽ നിന്നും സാധനങ്ങൾ വാങ്ങേണ്ട എന്ന അവസ്ഥ വന്നാൽ പെട്ടു പോകുന്നത് ചെറുകിട വ്യവസായികളായിരിക്കും.

കച്ചവടക്കാർ കോടതികളെ സമീപിച്ചാൽ കോടതികൾ ഇക്കാര്യങ്ങളിൽ ഇടപെടാൻ സാധ്യതയുണ്ടെന്നാണ് ലേഖകന്റെ അഭിപ്രായം. കച്ചവട രംഗത്തെ പല സംഘടനകളും സാധാരണ ബിസിനസ്സുകാർക്ക് ഉണ്ടാകാൻ പോകുന്ന വൻ നികുതി ബാധ്യതക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്. ഈ വിഷയത്തിൽ റിട്ട് പെറ്റീഷൻ നൽകാൻ പല വ്യാപാരി സംഘടനകളും ഈ ലേഖകന്റെ ഉപദേശം തേടിയിട്ടുണ്ട്. ■

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
✆ 9846227555, 7902443188, 7907000401

# MALABAR FURNITURE CONSORTIUM PVT LTD

Ammanappara, C-Poyil, Pariyaram, Kannur District, Pin - 670 502
Phone: 94465 44454, E-mail: malabarcfckannur@gmail.com

**MINISTRY OF SKILL DEVELOPMENT AND ENTREPRENEURSHIP**
**GOVERNMENT OF INDIA**

**INDUSTRIAL TRAINING DEPARTMENT**
**GOVERNMENT OF KERALA**

## STRIVE PROJECT

**Skill Strengthening for Industrial Value Enhancement**

**"Strive Project is a world bank assisted Government of India Project with the objective of improving the relevance and efficiency of skills training provided through the Industrial training institutes and apprenticeships"**

| C. ABDULKAREEM | K.P. RAVEENDRAN | K. PRABHAKARAN |
|---|---|---|
| CHAIRMAN | MANAGING DIRECTOR | PRINCIPAL |



# ഇൻഷുറൻസ് - എന്തിന്, എത്രത്തോളം



വിശ്വനാഥൻ ഒടാട്ട്

നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നമ്മളെ കൂടുതൽ കർമ്മോൽസുകരാക്കുന്നു. ജീവിത ലക്ഷ്യം കൈവരിക്കാൻ നാം എത്രയോ ബുദ്ധിമുട്ടുന്നു. എല്ലാ മനുഷ്യരിലും ജീവിതത്തിൽ പലപ്പോഴും ഉയർച്ചയും, താഴ്ച്ചയും, സുഖവും, ദു:ഖവും, സാമ്പത്തിക പ്രതിസന്ധിയും, അപകടങ്ങളും അസുഖങ്ങളും ഉണ്ടാവുന്നു. പക്ഷെ ആരോഗ്യവും വരുമാനവും ഉള്ള സമയത്ത് യഥാവിധി ഭാവികാര്യങ്ങൾക്കായിചിലവഴിച്ചാൽ ജീവിതത്തിൽ താളപ്പിഴകൾ സംഭവിക്കാതിരിക്കാനായി മുൻകരുതലെടുക്കാം. അതല്ലെങ്കിൽ നമ്മുടെ സ്വപ്നങ്ങൾ സഫലമാകാതെ ജീവിതത്തിൽ പരാജയം ഏറ്റുവാങ്ങേണ്ട ഒരു അവസ്ഥ ഉണ്ടാവുകയും ചെയ്യും.

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം വരുമാനമുള്ള കാലത്ത് വളരെ ശ്രദ്ധയോടെ സാമ്പത്തിക ആസൂത്രണങ്ങൾ ചെയ്തിരിക്കണം. വിവാഹം കഴിഞ്ഞ് അണുകുടുംബ വ്യവസ്ഥിതിയിൽ ജീവിക്കുമ്പോൾ ഉത്തരവാദിത്വങ്ങൾ കൂടി വരും. കുട്ടികളുടെ വിദ്യാഭ്യാസം ഈ കാലഘട്ടത്തിൽ പരമ പ്രധാനമായ ഒന്നാണ്. ലക്ഷക്കണക്കിന് രൂപ ചിലവഴിച്ചാലേ ഇന്ന് ഉന്നത വിദ്യാഭ്യാസം നല്ലനിലയിൽ ചെയ്യാനൊക്കൂ. ഏകവരുമാനമുള്ള ഒരു വ്യക്തിയാണ് നിങ്ങളെങ്കിൽ നിശ്ചയമായും ഇൻഷുറൻസ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചേ മതിയാകൂ. ജീവിതത്തിൽ അപ്രതീക്ഷിതമായി സംഭവിച്ചേക്കാവുന്ന അപകടങ്ങൾ, മാരകരോഗങ്ങൾ എന്നിവയെ നമ്മളിലാർക്കും പൂർണ്ണമായും തടഞ്ഞു നിർത്താനാവില്ല. തന്മൂലം സാമ്പത്തിക ബാധ്യതകൾ കൂടി വരികയും ജീവിതംതന്നെ താളം തെറ്റുകയും ചെയ്യും. റിസ്കുകൾ അഥവാ ആപത്തുകൾ പൂർണ്ണമായും ഒഴിവാക്കാനായില്ലെങ്കിൽ അവ പൂർണ്ണമായും സംരക്ഷണം ചെയ്യുന്ന തരത്തിൽ ഇൻഷുർ ചെയ്യുകയും സുരക്ഷിതരാവുകയും ചെയ്യേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അത്യാവശ്യമായി മാറിയിരിക്കുകയാണ്.

സംരക്ഷണം അല്ലെങ്കിൽ ഇൻഷുർ ചെയ്യന്ന തുക എത്രത്തോളം ആശങ്ക നമ്മളിൽ പലർക്കും ഉണ്ട്. മനുഷ്യ ജീവൻ ശരിയായി പറഞ്ഞാൽ വിലമതിക്കാൻ വളരെ പ്രയാസമുള്ള ഒന്നാണ്. നമ്മുടെ ഭാവി ആവശ്യങ്ങളാണ് നമ്മൾ എത്ര മാത്രം ഇൻഷുർ ചെയ്തിരിക്കണമെന്നത് നിശ്ചയിക്കുന്ന പ്രധാന ഘടകം, മാത്രമല്ല നമ്മുടെ വരുമാനവും പ്രായവും ബാധ്യതയും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ ഇൻഷൂർ ചെയ്യുമ്പോൾ തിരഞ്ഞെടുക്കുന്ന തുക നമ്മളുടെ സാമ്പത്തിക സ്ഥിതിയ്ക്ക് ഇണങ്ങുന്നതായിരിക്കും വേണം. ഒരാളുടെ വരുമാനം, ജോലി, പദവി, വയസ്സ്, ആശ്രിതരായ കുടുബാംഗങ്ങൾ, ചിലവ്, മിച്ചം, കടബാധ്യത എന്നിവയെ അടിസ്ഥാനപ്പെടുത്തി വേണം ഇൻഷുർ ചെയ്യുവാൻ. ഇൻഷുറൻസ് സംരക്ഷണം ജീവിതത്തിന്റെ ഒരു ഭാഗമായി മാറണം. പ്രത്യേകിച്ച് അണുകുടുംബ വ്യവസ്ഥിതിയിലേക്ക് മാറുന്ന നാം സാമ്പത്തിക അടിത്തറയും, സ്വയം പര്യാപ്തതയും കൈവരിക്കേണ്ടതുണ്ട്. നമ്മുടെ ഭാവി തലമുറയുടെ കാര്യത്തിലാണ് നാം ഏറ്റവും ശ്രദ്ധിക്കേണ്ടത്. ഇതിനായി നാം വരുമാനമുള്ള രക്ഷിതാക്കൾക്ക് ടേംലൈഫ് ഇൻഷുറൻസ് എടുക്കുന്നതായിരിക്കും അപകടങ്ങൾ, എന്നിവ മൂലം ഉണ്ടാകുന്ന ചികിത്സക്കായി കുടംബാംഗങ്ങൾക്ക് ഒന്നിച്ച് ആരോഗ്യ ഇൻഷുറൻസ് എടുത്തിരിക്കണം. മൂന്നാമതായി വീട്, വീട്ടുപകരണങ്ങൾ എന്നിവ സംരക്ഷിക്കാനായി ഹോം ഇൻഷൂറൻസും, കുടുംബനാഥനും/കുടുംബനാഥക്കും അപകട ഇൻഷുറൻസും, വീട്ടിലെ വാഹനങ്ങൾക്ക് മോട്ടോർ ഇൻഷുറൻസും എടുത്തിരിക്കണം. മേൽപ്പറഞ്ഞ പോളിസികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഒരു ലേഖനമാണ് അടുത്ത ലക്കത്തിൽ കൊടുക്കുന്നത്. ■



എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മമാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333




# നവ്യ ബേക്കേഴ്സിന്റെ വിജയഗാഥ...



ഗുണമേന്മയുള്ള രുചികരമായ ഭക്ഷണം വിളമ്പിയാൽ ആരെ ഭയക്കാനാണ് നാവിൽ നല്ലകാലം ഒരുക്കി നാട്ടാരെ ഊട്ടിയ നവ്യയുടെ രുചിക്കൂട്ടിന് നാലു ദശാബ്ദം.

40 വർഷം മുമ്പ് വളരെ സാധാരണമായ ഒരു ബേക്കറിയായിട്ടാണ് നവ്യ ബേക്കേഴ്സിന്റെ തുടക്കം. 1984 ൽ പിതാവായ സി.വി. ഔസേപ്പ് അങ്കമാലി കറുകുറ്റിയിൽ ബേക്കറി ആരംഭിക്കുകയായിരുന്നു. ഇതിലേക്ക് മക്കൾ കടന്നുവന്നതോടെ സംരംഭം വളർച്ചയുടെ പുതിയ ഉയരങ്ങൾ താണ്ടുകയായിരുന്നു. ഔസേപ്പിന്റെ ആറാമത്തെ മകനായ ബിജു ജോസഫ് 1990 ലാണ് പഠനശേഷം ബിസിനസ്സിലേക്ക് വരുന്നത്. അന്ന് ഒരേയൊരു ബേക്കറി മാത്രമായിരുന്നു. ബിജുവിന്റെ നേതൃപാടവത്തിൽ എറണാകുളം ജില്ലയിൽ കൂടുതൽ ബേക്കറികൾ ആരംഭിച്ചു. കുടുംബ ബിസിനസിനെ കാലാനുസൃതമായ മാറ്റങ്ങളിലേക്ക് കൈപിടിച്ചു നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

കേരളത്തിൽ ബേക്കറികൾ മുക്കിനും മൂലയിലും നിരവധിയുണ്ട്. അവയിൽ വേറിട്ട് വളരുക എന്നതായിരുന്നു നവ്യ ബേക്കേഴ്സിന്റെ മുന്നിലുള്ള വെല്ലുവിളി. എന്നാൽ ധൈര്യത്തോടെ ആ വെല്ലുവിളി ഏറ്റെടുത്ത് വിജയിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞു. ബിസിനസിലേക്ക് കടന്നുവന്ന മക്കൾക്ക് ഒരേയൊരു ഉപദേശമേ പിതാവ് സി.വി ഔസേപ്പ് നൽകിയുള്ളു. 'എന്തു ചെയ്താലും അത് സത്യസന്ധതയോടെ ചെയ്യുക.

ഭക്ഷണത്തിൽ മായം കലർത്താതിരിക്കുക.' ഇപ്പോൾ ബിസിനസിലേക്ക് വരുന്ന മൂന്നാം തലമുറയ്ക്കും നൽകാനുള്ളത് ഇതേ ഉപദേശം മാത്രം. പിതാവ് കാണിച്ചുതന്ന വഴിയിലൂടെ മൂല്യങ്ങളിൽ അടിയുറച്ച് നിന്നുകൊണ്ടാണ് തലമുറയും ബിസിനസിനെ മുന്നോട്ടു നയിക്കുന്നത്. ആരോഗ്യത്തിന് ഹാനികരമാകുന്ന ചേരുവകകൾ ഭക്ഷ്യോൽപ്പന്നങ്ങളിൽ നിന്ന് ഒഴിവാക്കുന്നു. നൂറു ശതമാനവും പ്രകൃതി ദത്തമായ ചേരുവകൾ, ട്രാൻസ് ഫാറ്റ് ഫ്രീ, നാച്ചുറൽ കളർ, ഫ്ളേവർ എന്നിവയാണ് നവ്യയുടെ ഉല്പന്നത്തിൻറെ പ്രത്യേകതകൾ.

### രുചിയിൽ വിട്ടുവീഴ്ചയില്ല

രുചിയുള്ള ഇലയടയും നാടൻ പലഹാരങ്ങളും എവിടെ കിട്ടുമെന്നാണ് ഇന്ന് എല്ലാവരും തിരക്കുന്നത്. വർഷത്തിൽ 365 ദിവസവും ചക്കയട ലഭിക്കുന്ന കേരളത്തിലെ തന്നെ ഒരുപക്ഷെ ഒരേ ഒരു ബേക്കറി ചെയിൻ ആയിരിക്കും നവ്യ. പ്രകൃതിദത്തഫലങ്ങൾ ഉപയോഗിച്ച് വിവിധ ജാമുകളും, സ്ക്വാഷുകളും നവ്യ ഉത്പാദിപ്പിക്കുന്നു .വാക്വം ടെക്നോളജി ഉപയോഗിച്ച് പഴങ്ങളുടെ തനതായ നിറവും മണവും നഷ്ടപ്പെടാതെയാണ് ഉണ്ടാക്കുന്നത്.



ISO 2000-2018, HACCP സർട്ടിഫിക്കേഷൻ ഉള്ള നവ്യ, ഗുണമേന്മയിൽ മാത്രമല്ല രുചിയിലും ഇവർ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ല. ജർമ്മനി, ഇറ്റലി, തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത അത്യാധുനിക മെഷീനറികൾ ആണ് ഇവിടെ ഉപയോഗിക്കുന്നത്. പുതുമയാർന്ന രുചിക്കൂട്ടുകൾ കണ്ടെത്താനും അത് ഉപഭോക്താക്കളിലേക്ക് എത്തിക്കാനും മുൻകൈയ്യെടുക്കുന്നത് ഡയറക്ടറും ബിജു ജോസഫിൻറെ പത്നിയുമായ ജിജി ബിജുവാണ്. ലോകത്തിൻെറ ഏത് കോണിലെയും രുചിഭേദങ്ങൾ ഇവിടെയെത്തിക്കാൻ ജിജി മുന്നിലുണ്ട്. മുമ്പേ തന്നെ പാചകത്തിൽ നിപുണയായ ജിജി യൂറോപ്പിൽ പോയി കേക്ക് നിർമാണത്തിന്റെ പുതുരീതികൾ പഠിച്ച് അത് നവ്യയിൽ അവതരിപ്പിക്കുന്നു. വിദേശത്തു നിന്ന് ഇറക്കുമതി ചെയ്ത ചേരുവകൾ പോലും ഉൽപ്പന്നങ്ങളിൽ

NAVYA GROUP SINCE 1984
NAVYA Bake Shop The Tempting Taste
NAVYA PATISSERIE
Z'ST BISTRO
Kokki AUTHENTIC SURIYANI TASTE RESTAURANT







ഉപയോഗിക്കുന്നു. പ്രകൃതിദത്തമായ പഴങ്ങൾ ഉപയോഗിച്ച് വാക്വം ടെക്നോളജി ഉപയോഗിച്ച് ജാം, സ്ക്വാഷ് എന്നിവയും കേക്കുകൾക്കുള്ള ഫില്ലിങ്ങ്സുകളും ഉണ്ടാക്കുന്നു.

## പ്രൊഫഷണലിസത്തിന്റെ വഴികൾ

വളരെ പരമ്പരാഗതമായ ബിസിനസിനെ ആധുനികവൽക്കരിക്കുക എന്ന ദൗത്യം വളരെ മനോഹരമായിത്തന്നെ



നവ്യ ബേക്കേഴ്സ് നിർവ്വഹിച്ചിരുന്നു. ഇന്ന് അങ്കമാലി കറുകുറ്റിയിൽ സുസജ്ജമായ ഒരു കോർപ്പറേറ്റ് ഓഫീസ് പ്രവർത്തിക്കുന്നു. എല്ലാ വിഭാഗങ്ങൾക്കും ഓരോ മാനേജർമാരുണ്ട്. അവർക്ക് തീരുമാനങ്ങളെടുക്കാൻ ഉത്തരവാദിത്വങ്ങൾ നൽകിയിരിക്കുന്നു.

മൂന്നാം തലമുറയും ബിസിനസിലേക്ക് സഹോദരങ്ങളായ ആന്റണി, ജോയി, പോളി എന്നിവരുടെ പാത പിന്തുടർന്ന് അവരുടെ മക്കളും ഈ മേഖലയിലേക്ക് കടന്നു വന്നിരിക്കുന്നു. സ്ഥാപനം സ്വീകരിക്കുന്ന പ്രൊഫഷണലിസവും കോർപ്പറേറ്റ് രീതികളും തന്നെയാണ് മൂന്നാം തലമുറയെയും ബിസിനസിലേക്ക് ആകർഷിച്ചത്. ബിജു ജോസഫിന് മൂന്ന് മക്കളാണ്. മൂത്ത മകൻ ജോസഫ് പാരിസിൽ ബാച്ച്ലർ ഓഫ് കൾനറി ആർട്സിന് ശേഷം ബിസിനസ് നോക്കി നടത്തുന്നു.

## കൂട്ടായ്മയുടെ ശക്തി

എല്ലാ ഡയറക്റ്റർമാരും നിശ്ചിത ദിവസങ്ങളിൽ ഡയറക്ടർ ബോർഡ് യോഗം ചേർന്ന് ബിസിനസിന്റെ പ്രവർത്തനങ്ങളും ഭാവി പദ്ധതികളും ചർച്ച ചെയ്യും. വളരെ ചെറിയ രീതിയിൽ ആരംഭിച്ച നവ്യ ബേക്കേഴ്സിന് ഇന്ന് 40 ഷോപ്പുകളും 700 ജീവനക്കാരുമുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. 2025 ഓടെ 100 ഔട്ട്ലെറ്റുകളാണ് ലക്ഷ്യം.

പാലിനായി അങ്കമാലിയിൽ നിന്നും 10 കിലോമീർ അകലെയായി നവ്യ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ സ്വന്തമായി ഒരു ഫാമും നവ്യക്കുണ്ട്. നവ്യയിലെ വിഭവ ങ്ങളിലേക്കു പൂർണ്ണമായും



ഉപയോഗിക്കുന്നതു ഈ ഫാമിൽ നിന്നുള്ള പാലാണ്. പലഹാരങ്ങൾ മാത്രമല്ല, പാലുംഇന്ന് നവ്യഔട്ട്ലെറ്റുകൾ വഴിവില്ക്കുന്നുണ്ട്. ഏകദേശം 300 പശുക്കളുള്ള ഫാം. സൈലേജും പരുത്തിക്കുരുവും തേങ്ങപിണ്ണാക്കുമാണ് ഇവയ്ക്കു ആഹാരമായി നല്കുന്നത്. ചോളത്തോട് കൂടിയ ചോള തണ്ട്വലിയ പിറ്റിലാക്കി 40 ദിവസം മൂടികെട്ടി വെച്ച് തയ്യാറാക്കുന്നതാണ് സൈലേജ്. അത്യാധുനിക സൗകര്യങ്ങളാണ് ഫാമിൽ ഒരുക്കിയിരിക്കുന്നത്. എല്ലാദിവസവും പശുക്കളെ കുളിപ്പിക്കും. മികച്ച ഹൈജിനിക്കിലാണ് ഫാം പ്രവർത്തിക്കുന്നത്. ഓരോ പശുക്കളെയും നോക്കാനായി പണിക്കാരുമുണ്ട്. ഇന്ന് തൃശൂർ, എറണാകുളം, ജില്ലകളിലായി നവ്യയുടെ



നാല്പതോളം ഔട്ട്ലെറ്റുകളിൽ നവ്യയുടെ പാൽ വിൽക്കുന്നു. പാൽ അധിഷ്ഠിതമായ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള ഒരുക്കത്തിലാണ്. 2018, 2021 ലെ മികച്ച ക്ഷീര കർഷകനുള്ള അവാർഡും ലഭിച്ചിരുന്നു. തൃശ്ശൂരിലെ ഇക്കണ്ടവാര്യർ റോഡിൽ നവ്യ അത്യാധുനിക ബേക്കറിയും കഫെയും റെസ്റ്റോറൻറും തുടങ്ങിയിട്ടുണ്ട്.

ചക്കയെ രുചിയൂറപ്പം വിഭവങ്ങളാക്കി ലോകോത്തര വിപണിയിലെത്തിച്ച ബിജു ജോസഫിന് സംസ്ഥാന കൃഷി വകുപ്പിന്റെ



മികച്ച ചക്ക സംസ്കരണം നടത്തുന്ന സംരംഭകനുള്ള അവാർഡ് ലഭിച്ചിരുന്നു. ചക്കയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, സംസ്കരണ രീതികളുടെ കണ്ടെത്തൽ, പ്രചാരണം, വിപണനം, എന്നിവ വിലയിരുത്തിയാണ് അവാർഡ്. ചക്കയുടെ വിവിധ തരത്തിലുള്ള ഉല്പന്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ ഉദ്പാദിപ്പിച്ചു വിപണനം ചെയ്യുന്നു. ■

ROOMS
NAVYA AGENCIES
NAVYA Farms
NAVYA Bakes

# അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ.ജ്യോതിലാൽ ഐ.എ.എസുമായി മുഖാമുഖം

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി കോൺഫറൻസ് ഹാളിൽ വച്ച് അഡീഷണൽ ചീഫ് സെക്രട്ടറി, G.A.D, Forest & Wildlife Dept. ജ്യോതിലാലുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. 16.04.2024 ൽ കളമശ്ശേരി സംസ്ഥാന കമ്മിറ്റി കോൺഫറൻസ് ഹാളിൽ നടന്ന മുഖാമുഖം പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റുമാരായ ഏബ്രഹാം കുര്യാക്കോസ് സെൻട്രൽ സോൺ, എ.ഫസിലുദ്ദീൻ സൗത്ത് സോൺ എന്നിവർ ആശംസാപ്രസംഗം നടത്തി. സംസ്ഥാനത്തിലെ തടി അധിഷ്ഠിത വ്യവസായ മേഖല അനുഭവിക്കുന്ന പ്രശ്നങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മുമ്പിൽ നേരിട്ട് അവതരിപ്പിക്കുന്നതിനും വ്യവസായികൾക്ക് അവരുടെ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമാണ് ഈ മുഖാമുഖം പരിപാടി സംഘടിപ്പിച്ചതെന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ചു കൊണ്ട് പ്രസിഡന്റ് പറഞ്ഞു.

മര അധിഷ്ഠിത വ്യവസായ സബ് കമ്മിറ്റി കൺവീനർ എം.എം. മുജിബ് റഹിമാൻ തടി വ്യവസായ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ അവതരിപ്പിച്ചു. കെ. ഇസാക്ക്, പി.എം.എ. ഗഫൂർ, കെ.ജി.ലിജിൻ, എം.എ.അലി, വി.ഉമ്മർ, എൻ.പി. ആന്റണി, തുടങ്ങിയവർ അവർ അനുഭവിക്കുന്ന വിഷയങ്ങളും മര അധിഷ്ഠിത മേഖലയിലെ പൊതുവായ പ്രശ്നങ്ങളും അവതരിപ്പിച്ചു.

വ്യവസായികൾ ഉന്നയിച്ചതും പരാമർശിക്കപ്പെട്ടതുമായ വിഷയങ്ങൾ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്, ചർച്ചയ്ക്കു മറുപടിയായി പറഞ്ഞു. മെഷിനറി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, ഒ.ടി.പി. എന്നിവയ്ക്ക് വ്യവസായികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കല്ലായി ഇന്റർനാഷണൽ ഹബ്ബ് സ്ഥാപിക്കുമെന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കാനുള്ള ശ്രമം നടത്തും. ഓൺലൈൻ അപേക്ഷ സമർപ്പിക്കൽ, അനധികൃതമായി തടി കടത്തികൊണ്ട് പോകുന്നത് തടയൽ പവ്വർ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പ് നല്കി.

യോഗത്തിൽ വച്ച് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലിന് ജനറൽ സെക്രട്ടറി പി.ജെ.ജോസ് പൊന്നാട അണിയിച്ചും, സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമന്റോ നല്കിയും ആദരിച്ചു. സംസ്ഥാന ട്രഷറർ ജോസഫ് പൈകട നന്ദി പറഞ്ഞു.




**സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.**




**സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.**



അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ മറുപടി പ്രസംഗം നടത്തുന്നു.



അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലിന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ സംഘടനയുടെ ഉപഹാരം നല്കുന്നു.



അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലിനെ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് പൊന്നാട അണിയിച്ച് ആദരിക്കുന്നു.



സദസ്സ്.



യോഗത്തിൽ വച്ച് ടൊയൊട്ടാ ജനറൽ മാനേജർ കെ. കൃഷ്ണ കുമാർ അതിഥിയായി പങ്കെടുക്കുകയും അവരുടെ കമ്പനിയുടെ സേവനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തു. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് ടോയൊട്ടാ കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഉപഹാരം അദ്ദേഹം നല്കുന്നു.

# സംരംഭകർക്ക് ലഭ്യമായ നാല് പ്രധാന മൂലധന നിക്ഷേപ സബ്സിഡി പദ്ധതികൾ



ടി.എസ്. ചന്ദ്രൻ

കേരളത്തിലെ സംരംഭകർക്ക് പൊതുവിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന നാല് മൂലധന നിക്ഷേപ സബ്സിഡി പദ്ധതികളാണ് ചുവടെ ചേർക്കുന്നത്. ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് അപേക്ഷ സമർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### 1. എന്റർപ്രണർ സപ്പോർട്ട് സ്കീം – മികച്ച നിക്ഷേപ സബ്സിഡി



പുതു സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന മികച്ച ഒരു മൂലധന നിക്ഷേപ പദ്ധതിയാണ് എന്റർപ്രണർ സപ്പോർട്ട് സ്കീം അഥവാ ഇ.എസ്.എസ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിലെ നിർമ്മാണ യൂണിറ്റുകൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്. ഒരു സംരംഭത്തിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപത്തെ അടിസ്ഥാന പ്പെടുത്തിയാണ് സബ്സിഡി നൽകുന്നത്. ഭൂമി, കെട്ടിടം, മെഷിനറികൾ, ഉപകരണങ്ങൾ, ഇലക്ട്രിഫിക്കേഷൻ, ജനറേറ്റർ, ഫർണിച്ചറുകൾ, മലിനീകരണ നിയന്ത്രണ സാമഗ്രികൾ തുടങ്ങിയ ഇനങ്ങളിൽ വന്നിട്ടുള്ള സ്ഥിര നിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ് ഈ ആനുകൂല്യം നൽകുന്നത്.

#### ആനുകൂല്യങ്ങൾ ഇങ്ങനെ

**പൊതു വിഭാഗം:** സ്ഥിര നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.

**പ്രത്യേക വിഭാഗം:** സ്ഥിര നിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി 40 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. (പ്രത്യേക വിഭാഗം എന്നാൽ വനിതകൾ, എസ്.സി./എസ്.ടി. വിഭാഗക്കാർ, 45 വയസ്സിൽ താഴെ വരുന്ന യുവതി യുവാക്കൾ, പ്രവാസി മലയാളികൾ എന്നിവരാണ്).

**മുൻഗണന മേഖലകൾ:** ഏതാനും സംരംഭങ്ങളെ മുൻഗണന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 10 ശതമാനം അധിക സബ്സിഡി ഈ മേഖലയ്ക്ക് അനുവദിക്കുന്നു. ഭക്ഷ്യ സംസ്കരണം, ഗാർമെന്റ് മേക്കിങ്ങ്, ബയോ ടെക്നോളജി, 100 ശതമാനം കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ, പഴയ പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള ഉത്പ്പന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ, കാർഷിക മൂല്യ വർദ്ധക ഉത്പ്പന്നങ്ങൾ, റബ്ബർ ഉത്പ്പന്നങ്ങൾ, ജൈവവളം, മണ്ണിൽ ലയിക്കുന്ന പ്ലാസ്റ്റിക് സബ്സ്റ്റിറ്റ്യൂട്ടുകൾ, സാനിറ്ററി–ഹൈജീൻ ഉത്പ്പന്നങ്ങൾ, മെഡിക്കൽ ഓക്സിജൻ മാസ്ക് എന്നിവയാണ് മുൻഗണനാ വിഭാഗത്തിൽ വരുന്നത്.

#### പിന്നോക്ക ജില്ലകൾ

കേരളത്തിലെ നാല് പിന്നോക്ക ജില്ലകൾക്ക് 10 ശതമാനം അധിക സബ്സിഡി നൽകി വരുന്നു. ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ്, എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾക്കാണ് ഈ അധിക സബ്സിഡി ലഭിക്കുക.

ഏതൊരു സാഹചര്യത്തിലും ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി മൂലധന നിക്ഷേപ സബ്സിഡി പുതിയ ഭേദഗതി പ്രകാരം 40 ലക്ഷം രൂപ വരെ ആയിരിക്കും.

സ്റ്റാർട്ടപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട് എന്നീ മൂന്ന് ഘട്ടങ്ങളിലായി സബ്സിഡി ലഭിക്കും.

#### എങ്ങനെ അപേക്ഷിക്കാം?

ഇപ്പോൾ ഓൺലൈൻ ആയി വേണം അപേക്ഷ സമർപ്പിക്കുവാൻ (www.industry.kerala.gov.in) ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### 2. പ്രധാന മന്ത്രിയുടെ ഭക്ഷ്യ സംസ്കരണ പദ്ധതി – നിക്ഷേപ സബ്സിഡി

PMFME
सूक्ष्म उद्यमों का संबल

ഇന്ത്യയിൽ ഉടനീളം വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന ഒരു മൂലധന നിക്ഷേപ പദ്ധതിയാണ് പി.എം.എഫ്.എം.ഇ. ഒരു ജില്ല ഒരു ഉത്പ്പന്നം

എന്ന പദ്ധതിയുടെ ഭാഗമായി ആണ് ഈ ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്.

Prime Ministers Scheme for Formalisation of Micro Food Processing Enterprises) or PMFME 5 വർഷത്തേക്കാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. 2020-21 മുതൽ വകയിരുത്തിയിരുത്തി യിരിക്കുന്നു. ഓരോ ജില്ലയിലെയും മുഖ്യവിളകളെ മൂല്യ വർദ്ധനവ് വരുത്തി അതിനെ വളർത്തിക്കൊണ്ടു വരിക എന്നതാണ് ഒരു ജില്ലാ ഒരു ഉൽപ്പന്നം എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഇതനു സരിച്ച് 14 ജില്ലകൾക്കായി 10 കാർഷിക വിളകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

**നിക്ഷേപ സബ്സിഡി ആനുകൂല്യം ഇങ്ങനെ**

വ്യക്തി സംരംഭങ്ങൾക്ക് പദ്ധതി ചിലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് ധന സഹായമായി ലഭ്യമാവുക. എന്നാൽ ഓർഗനൈസേഷനുകൾക്ക് (എഫ്.പി.ഒ.) 35 ശതമാനം പരമാവധി 3 കോടി രൂപ ലഭിക്കും. യന്ത്ര സാമഗ്രികളും, ടെക്നിക്കൽ സിവിൽ വർക്കുമാണ് മൂലധന സബ്സിഡിയ്ക്ക് പരിഗണിക്കുക. എന്നാൽ ടെക്നിക്കൽ സിവിൽ വർക്ക് ആകെ പദ്ധതി ചിലവിന്റെ 30 ശതമാനത്തിൽ കൂടുവാൻ പാടുള്ളതല്ല. എന്നാൽ വർക്കിങ്ങ് ക്യാപ്പിറ്റലിന് സബ്സിഡിയ്ക്ക് അർഹതയില്ല.

**എങ്ങനെ അപേക്ഷിക്കാം?**

ഈ പദ്ധതിയെപ്പറ്റി കൂടുതൽ അറിയുവാനും അപേക്ഷ സമർപ്പിക്കുവാനും mofi.nic.in/PMFME എന്ന സൈറ്റ് സന്ദർശിക്കുക. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും, അതിന്റെ സബ്ബ് ഓഫീസുകൾ വഴിയും ഈ പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും.

### 3. മിഷൻ - 1000

**പുത്തൻ മൂലധന നിക്ഷേപ പദ്ധതി**

സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ശേഷി ഉയർത്തുന്നതിനുള്ള പദ്ധതിയാണ് മിഷൻ 1000. (Scheme towards assistance for Micro to Small, Small to Medium scalling up of MSMES) ഇത് ഏറ്റവും പുതിയ മൂലധന നിക്ഷേപ പദ്ധതിയാണ്. നിർമ്മാണ/സേവന സ്ഥാപനങ്ങൾക്ക് ഇത് പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. കുറഞ്ഞത് 3 വർഷം പ്രവർത്തിച്ചു വരുന്ന സംരംഭങ്ങൾക്ക് അർഹത.

**മൂന്ന് ഘട്ടമായി ആനുകൂല്യങ്ങൾ**

**1. പ്രോജക്ട് റിപ്പോർട്ടിന് ധനസഹായം**

ഉത്പാദന ശേഷി ഉയർത്തുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് ഒരു ലക്ഷം രൂപ വരെയാണ് പരമാവധി സബ്സിഡി ലഭിക്കുക.

**2. സ്ഥിര നിക്ഷേപത്തിന് മൂലധന സബ്സിഡി**

സ്കെയിൽ അപ് ചെയ്യുന്നതിന് വേണ്ടി വരുന്ന സ്ഥിര നിക്ഷേപത്തിന് 40 ശതാനം വരെ സർക്കാർ സബ്സിഡി ലഭിക്കും. അധികമായ ഭൂമി, കെട്ടിടം, മെഷിനറികൾ, മറ്റ് സ്ഥിര നിക്ഷേപങ്ങൾ എന്നിവ ഇതിന് പരിഗണിക്കും. ഒരു സംരംഭത്തിന് പരമാവധി ലഭിക്കുന്ന സബ്സിഡി 2 കോടി രൂപ വരെയാണ്.

**3. പ്രവർത്തനം മൂലധന വായ്പയ്ക്ക് പലിശ സബ്സിഡി**

ഉത്പാദന ശേഷി ഉയർത്തൽ പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന പ്രവർത്തന മൂലധന വായ്പനയിന്മേലുള്ള പലിശയുടെ 50 ശതമാനമാണ് സബ്സിഡിയായി ലഭിക്കുക. പലിശ അടച്ച ശേഷം അത് തിരിച്ചു നൽകുന്ന രീതിയിൽ ആണ് പദ്ധതി നടപ്പാക്കുക. 50 ലക്ഷം രൂപ വരെയാണ് പരമാവധി പലിശ സബ്സിഡി ലഭിക്കുക.

www.industry.kerala.gov.in എന്ന സൈറ്റ് വഴി വേണം അപേക്ഷിക്കുവാൻ. ജില്ല/ താലൂക്ക് വ്യവസായ ഓഫീസുകളുമായി ബന്ധപ്പെട്ടാൽ അപേക്ഷകൾ ഈസിയായി സമർപ്പിക്കാം.

സംരംഭങ്ങളുടെ പ്രൊഡക്ഷൻ കപ്പാസിറ്റി ഉയർത്തുക എന്ന ലക്ഷ്യം വച്ചു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിരിക്കുന്നത്.

### 4. ആഷ: കരകൗശല മേഖലയിലെ മികച്ച മൂലധന നിക്ഷേപ സബ്സിഡി

Assistance Scheme for Handicraft Artisans (ASHA)

കരകൗശല തൊഴിലാളികൾക്കായി വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പാക്കി വരുന്ന ഒരു സുപ്രധാന പദ്ധതിയാണ് ആഷ (അസിസ്റ്റന്റ്സ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻ). ആർട്ടിസാൻസ് കാർഡ് നേടിയിരിക്കണം എന്നുള്ളതാണ് ഇതിന്റെ പ്രധാന യോഗ്യത.

തയ്യൽ, കൊത്തുപണി, ഫർണിച്ചർ നിർമ്മാണം, സ്വർണ്ണപ്പണി, ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബാഗ് നിർമ്മാണം, കുട

നിർമ്മാണം, വയറിങ്ങ്, പ്ലംബിംഗ് മൺപാത്ര നിർമ്മാണം തുടങ്ങി നിരവധി പ്രവൃത്തികൾക്കെല്ലാം തന്നെ ഇപ്പോൾ ആർട്ടിസാൻസ് കാർഡ് ലഭിക്കുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കരകൗശല വകുപ്പാണ് ഈ കാർഡ് നൽകുന്നത്. ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ടാൽ ഈ കാർഡ് ലഭിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്തു തരും. ഈ കാർഡ് ലഭിക്കുന്ന സംരംഭകർക്കാണ് മൂലധന നിക്ഷേപ സബ്സിഡി ലഭിക്കുക. വേണ്ടത്ര അപേക്ഷകരെ ലഭിക്കുന്നില്ല എന്നുള്ളതാണ് ഈ പദ്ധതിയുടെ നടത്തിപ്പുകാർ പറയുന്നത്.

**ആനുകൂല്യങ്ങൾ ഇങ്ങനെ**

1. പൊതു വിഭാഗത്തിന് സ്ഥിര നിക്ഷേപത്തിന്റെ 40 ശതമാനം പരമാവധി 2 ലക്ഷം രൂപ വരെ മൂലധന നിക്ഷേപ സബ്സിഡിയായി നൽകുന്നു.
2. പ്രത്യേക വിഭാഗത്തിന് സ്ഥിര നിക്ഷേപത്തിന്റെ 50 ശതമാനം പുരമാവധി മൂന്നു ലക്ഷം രൂപ വരെ മൂലധന നിക്ഷേപ സബ്സിഡിയായി നൽകുന്നു. പ്രത്യേക വിഭാഗം എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, വനിതകൾ, 45 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാർ എന്നിവരാണ്). കെട്ടിടം, മെഷിനറികൾ, ഉപകരണങ്ങൾ, ടൂളുകൾ, മറ്റ് സ്ഥിര നിക്ഷേപങ്ങൾ എന്നിവയിലെ നിക്ഷേപം സബ്സിഡിക്ക് പരിഗണിക്കും.

ഫർണിച്ചർ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി പുതിയ ഒരു മെഷിനറി വാങ്ങി സ്ഥാപിച്ചാൽ പോലും ഇതേ നിരക്കിൽ നിക്ഷേപ സബ്സിഡി ലഭിക്കും.

**അപേക്ഷ എങ്ങനെ?**

വ്യവസായ വാണിജ്യ വകുപ്പിന്റെ സൈറ്റ് വഴി അപേക്ഷിക്കാം.

(www.industry.kerala.gov.in) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അതിന്റെ കീഴിലുള്ള സബ് ഓഫീസുകൾ, എന്നിവയുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കുവാൻ ആകും. ഇതു പ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരാണ്. ■

**സംസ്ഥാന വ്യവസായ വകുപ്പ്
മുൻ ഡെപ്യൂട്ടി ഡയറക്ടർ
ആണ് ലേഖകൻ**



KSSiA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advt. Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

# പുതിയ ആദായനികുതി നിയമങ്ങൾ; മാറ്റങ്ങളും നേട്ടങ്ങളും

പുതിയ നികുതി വ്യവസ്ഥയിൽ വാർഷിക വരുമാനം ഏഴു ലക്ഷത്തിനു താഴെ വരെയുള്ളവരെ ആദായനികുതി അടക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. നേരത്തെ ഈ പരിധി അഞ്ചു ലക്ഷമായിരുന്നു..

പുതിയ സാമ്പത്തിക വർഷം (2024–25) ആരംഭിക്കുന്നതോടെ, ഇന്ത്യയുടെ ആദായനികുതി ചട്ടങ്ങളിൽ ശ്രദ്ധേയമായ ചില മാറ്റങ്ങളാണ് ഉണ്ടാകുക. 2024 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്ന ഈ മാറ്റങ്ങൾ, നികുതി ആസൂത്രണം ലളിതമാക്കാനും നികുതിദായകർക്ക് ആശ്വാസം നല്കാനുമാണ് ലക്ഷ്യമിടുന്നതെന്ന് സർക്കാർ വ്യക്തമാക്കി. പുതിയ നികുതി വ്യവസ്ഥ 2024 ഏപ്രിൽ ഒന്ന് മുതലാണ് പ്രാബല്യത്തിൽ വരുക. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ കഴിഞ്ഞ ബജറ്റ് (2022–23) പ്രസംഗത്തിലാണ് പുതിയ നികുതി വ്യവസ്ഥയെ കുറിച്ച് വ്യക്തമാക്കിയത്. പുതിയ നികുതി വ്യവസ്ഥയിൽ വാർഷിക വരുമാനം ഏഴു ലക്ഷത്തിനു താഴെ വരെയുള്ളവരെ ആദായനികുതി അടക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. നേരത്തെ ഈ പരിധി അഞ്ചു ലക്ഷമായിരുന്നു. ഇതിനോടൊപ്പം തന്നെ നികുതി സ്ലാബ് പുതുക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കുന്നതിലൂടെ നികുതിദായകർക്ക് നിരവധി ആനുകൂല്യങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്. ലളിതമാക്കിയ നികുതി ആസൂത്രണം വർദ്ധിപ്പിച്ച അടിസ്ഥാന ഇളവ് പരിധി, സർചാർജ്ജ് നിരക്ക് കുറയ്ക്കൽ റിബേറ്റ് പരിധി മെച്ചപ്പെടുത്തൽ എന്നിവ ലഭിക്കും.

ഇതിനർത്ഥം നികുതി ദായകർ ഇനി യാത്ര ടിക്കറ്റുകളുടെയും വാടക രസീതുകളുടെയും ട്രാക്ക് റെക്കോർഡ് സൂക്ഷിക്കേണ്ടതില്ല. നികുതി ആസൂത്രണം ലളിതമാക്കുകയാണ് ഈ മാറ്റങ്ങൾ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം അടിസ്ഥാന ഇളവ് പരിധി 2.5 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി ഉയർത്തി. ഇത് പുതിയ നികുതി വ്യവസ്ഥയെ കൂടുതൽ ആകർഷകമാക്കുന്നു.

5 കോടി രൂപയിൽ കൂടുതൽ വരുമാനമുള്ള വ്യക്തികളുടെ സർചാർജ്ജ് നിരക്ക് 37 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറയും. ഈ കുറച്ച സർചാർജ്ജ് നിരക്ക് പുതിയ നികുതി വ്യവസ്ഥ തിരഞ്ഞെടുക്കുന്നവർക്ക് മാത്രമേ ബാധകമാകൂ. ഇതിനു പുറമെയാണ് നികുതിദായകരുടെ വാർഷിക വരുമാന പരിധി 7 ലക്ഷമായി ഉയർത്തിയത്. 7 ലക്ഷം രൂപവരെയുള്ള വരുമാനത്തിന്, ബാധകമായ റിബേറ്റ് പരിധി ഇപ്പോൾ 25,000 രൂപയാണ്. അതേ സമയം കേന്ദ്ര ധനമന്ത്രി 2024 ഫെബ്രുവരി 1 ന് ഇടക്കാല ബജറ്റ് അവതരിപ്പിക്കുമ്പോൾ നികുതിയിൽ മാറ്റങ്ങളൊന്നും ഉണ്ടാകില്ലെന്നും ഇറക്കുമതി തിരുവ ഉൾപ്പടെയുള്ള പ്രത്യക്ഷ, പരോക്ഷ നികുതി നിരക്കുകൾ അതേപടി നിലനിർത്താനും നിർദ്ദേശിച്ചിരുന്നു. 2013–2014 ലെ റീഫണ്ടുകളുടെ ശരാശരി സമയം 93 ദിവസങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം വെറും 10 ദിവസമായി കുറച്ചതായി കേന്ദ്ര ധനമന്ത്രി പറഞ്ഞു. ആളുകളുടെ ശരാശരി യഥാർത്ഥ വരുമാനം 50 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് ധനകാര്യ മന്ത്രി വ്യക്തമാക്കി. ■

**പുതുക്കിയ ആദായികുതി നിരക്കുകൾ**

**ആകെ വരുമാനം**

| | |
|---|---|
| 3,00,000 രൂപ വരെ – 0% | 3,00,001 രൂപ മുതൽ 6,00,000 രൂപ വരെ – 5% |
| 6,00,001 മുതൽ 9,00,000 രൂപ വരെ – 10% | 9,00,001 രൂപ മുതൽ 12,00,000 രൂപ വരെ – 15% |
| 12,00,001 രൂപ മുതൽ 15,00,000 രൂപ വരെ – 20% | 15,00,000 രൂപയ്ക്ക് മുകളിൽ – 30% |

# ത്രിമാനനിർമ്മിതികളുടെ അദ്ഭുതലോകം

നിരന്തര മാറ്റങ്ങൾക്ക് വിധേയമാണ് നമ്മുടെ സമൂഹം. ഈ മാറ്റങ്ങൾ പലപ്പോഴും മനുഷ്യ ജീവിതത്തിന്റെ, സമൂഹ അവസ്ഥയുടെ ഗതിവിഗതികളെ മാറ്റിമറിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. ഈ മാറ്റങ്ങൾ വ്യവസായ രംഗത്തു സംഭവിക്കുമ്പോൾ അതുവഴിയുണ്ടാകുന്ന എല്ലാ പരിവർത്തനങ്ങളേയും ഒരുമിച്ചു ചേർത്ത് വായിക്കാവുന്ന വാക്കാണ് 'വ്യാവസായിക വിപ്ലവം.' വ്യാവസായിക വിപ്ലവത്തിന്റെ ചരിത്രം ആരംഭിക്കുന്നത് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ ആരംഭിച്ചതു മുതലാണ്.

ബുദ്ധിയുള്ള മനുഷ്യന് പരിമിതികളും ഉണ്ട്. ഈ തിരിച്ചറിവാണ് അവയെ മറികടക്കുവാനുള്ള അവന്റെ ശ്രമങ്ങൾക്ക് ആക്കം കൂട്ടിയത്. ഇത് സ്വാഭാവികമായും കണ്ടെത്തലുകൾക്കും അവയെ ഉപയോഗിച്ചുള്ള വ്യാവസായിക നിർമ്മിതികൾക്കും, ഇവയുടെ വൻതോതിലുള്ള ഉപഭോഗത്തിലേക്കും നയിച്ചു. ഇത് മാനവ സമൂഹ വളർച്ചയുടെ നാഴികക്കല്ലുകളാവുകയും അത് സ്വാഭാവികമായ വ്യാവസായിക വിപ്ലവത്തിലേക്ക് വഴി തെളിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ആദ്യശ്രമം നടക്കുന്നത് 18–ാം നൂറ്റാണ്ടിൽ ജർമ്മനിയിൽ ആണ്. കാർഷിക രംഗത്തുണ്ടായ വലിയ നേട്ടത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനുള്ള വലിയ അന്വേഷണങ്ങൾ ആവിയന്ത്രത്തിന്റെ കണ്ടുപിടുത്തത്തിലാണ് അവസാനിച്ചത്. ഇത് ഒന്നാം വ്യാവസായിക വിപ്ലവത്തിന് കാരണമായി. അതുവരെ കൂലി മാത്രം വരുമാനമാർഗ്ഗമായിരുന്ന ഒരു സമൂഹത്തിന് ഒരു പുതുവഴി അത് തുറന്നിട്ടു. തുടർന്ന് വൈദ്യുതി, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സങ്കേതങ്ങളുടെ വരവ് തുടർന്നുള്ള രണ്ടുമുതൽ നാലുവരെയുള്ള വ്യാവസായിക വിപ്ലവങ്ങൾക്ക് കാരണഭൂതമായിത്തീർന്നു.



കുളക്കട പ്രദീപ്

നാലാം വ്യാവസായിക വിപ്ലവം ആരംഭിച്ചുവെന്നു മാത്രമല്ല ലോകം അതിന്റെ എല്ലാ സാധ്യതകളെയും ഉപയോഗിച്ച് വളരുകയാണ്. ഇത് സംഭവിക്കുന്നത് വിവരവിനിമയ സാങ്കേതികവിദ്യോത്തര (Post Information Technology Age) യുഗത്തിലായിരിക്കും. മൂന്നാം വ്യാവസായിക വിപ്ലവം സംഭവിച്ചത് ഭൗതിക പ്രപഞ്ച (Macrocosm)ത്തിലാണെങ്കിൽ ഇനി വിപ്ലവം അതിസൂക്ഷ്മമായ ബോധമണ്ഡല (Intelligence)ത്തിലാണ് സംഭവിക്കുക. അസംസ്കൃതവസ്തു (Material) വിന്മേലുള്ള ബോധത്തിന്റെ വ്യാപ്തിയാണ് അതെത്രമാത്രം കാര്യക്ഷമത (Smart) യുള്ളതാണെന്ന് ബോധ്യമാക്കുന്നത്. ഏതൊരു മനുഷ്യനും ബോധം ജന്മനാ ലഭിക്കുന്നതാണ്. ഈ ബോധത്തെ സ്ഥൂലവസ്തുവിലേക്ക് സമ്മേളിപ്പിക്കാൻ കഴിയുന്നതോടെ അവയും കാര്യക്ഷമതയുള്ളതായി മാറുന്നു. ഇങ്ങനെ കാര്യക്ഷമതയുള്ള വസ്തുക്കളെ ഇന്റർനെറ്റ് സങ്കേതം വഴി ബന്ധിപ്പിക്കുന്നതോടെ, ഇവ പരസ്പരം സംവേദനക്ഷമമായി മാറുന്നു. ഇതിനെ ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (IoT) എന്ന് വിളിക്കും. അങ്ങനെ നമ്മുടെ ചുറ്റുപാടുമുള്ള എല്ലാറ്റിനേയും ബന്ധിപ്പിക്കുന്നതോടെ കാര്യക്ഷമമായ ഒരു അന്തരീക്ഷം സജ്ജമാകുന്നു. ഇങ്ങനെ ഒരു തൊഴിലിടത്തിലെ എല്ലാ അസംസ്കൃത വസ്തുക്കളേയും, യന്ത്രസംവിധാനങ്ങളേയും, അവ പ്രവർത്തിപ്പിക്കുന്ന തൊഴിലാളികളെയും കാര്യക്ഷമമാക്കുന്നതോടെ അവ 'സ്മാർട്ട് ഫാക്ടറി'യായി മാറുന്നു. ഇത്തരം സ്മാർട്ട് ഫാക്ടറികളാണ് നാലാം വ്യവസായിക വിപ്ലവത്തിന്റെ ഘടകമായി പ്രവർത്തിച്ചു വരുന്നത്.

നാലാം വ്യാവസായിക വിപ്ലവം സൃഷ്ടിക്കുന്ന മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഒൻപത് സാങ്കേതികവിദ്യകൾ ആണ്.

1. ബിഗ് ഡേറ്റാ വിശകലനം
2. റോബോട്ടിക്സ്
3. സിമുലേഷൻസ്
4. സിസ്റ്റം ഇന്റഗ്രേഷൻസ്
5. ഇൻഡസ്ട്രിയൽ IoT
6. സൈബർസെക്യൂരിറ്റി
7. ക്ലൗഡ്
8. ഓഗ്മെന്റഡ് റിയാലിറ്റി
9. അഡിറ്റീവ് മാനുഫാക്ചറിങ്ങ് (ത്രിഡി പ്രിന്റിങ്ങ്)

നാലാം വ്യാവസായ വിപ്ലവത്തിന്റെ മുഖ്യ ചാലകമായി വർത്തിക്കുന്നത് ഡാറ്റ ഉപയോഗിച്ചു കൊണ്ടുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളാണ്. മൂന്നാം വ്യവസായ വിപ്ലവത്തെ അപേക്ഷിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യകൾ കൂടുതൽ സങ്കീർണവും വ്യാപകവും സമഗ്രവുമാണിന്ന്. മുകളിൽ സൂചിപ്പിച്ച ഒൻപത് ഘടകങ്ങളിൽ എട്ടും ഡാറ്റയും, അതുമായി ബന്ധപ്പെട്ടവയേയും പ്രതിപാദിക്കുമ്പോൾ നിർമ്മാണനിർവ്വഹണം ഒൻപതാമതുള്ള ത്രിഡി പ്രിന്റിങ്ങാണ്. അതുകൊണ്ടുതന്നെ ഇതിന്റെ പ്രാധാന്യം വ്യക്തമാണ്.

### ത്രിമാന അച്ചടി എന്ത് ?

ത്രിമാന സ്വഭാവമുള്ള ഒരു ഡിജിറ്റൽ ഫയലിൽ നിന്നും ത്രിമാന രൂപത്തിലുള്ള ഒരു ഭൗതിക വസ്തുവിനെ ഉണ്ടാക്കിയെടുക്കുന്ന സാങ്കേതിക വിദ്യയാണിത്. ത്രിമാന സ്വഭാവമുള്ള വസ്തുവിനെ വളരെ നേർത്ത പാളികളായി സാങ്കേതികവിദ്യയുടെ സഹായത്തോടെ മുറിച്ചെടുക്കുന്നു. മുറിച്ചെടുത്ത ഓരോ പാളികൾക്കും ക്രമമായി നമ്പർ നൽകുന്നു. വസ്തു നിർമ്മിക്കാൻ ഏതു അസംസ്കൃത പദാർഥമാണോ വേണ്ടത് അതിനെ ഒന്ന് ഒന്നിനോടും, ഒരു പാളിയെ മറ്റൊരു പാളിയോടും ചേർത്തു ചേർത്ത് നിർമ്മിക്കുന്നതാണ് രീതി. ഘടക നിർമ്മാണവസ്തുക്കളെ അനുയോജ്യ സാങ്കേതികതയുടെ സഹായത്തോടെ പരസ്പരം കൂട്ടിച്ചേർത്ത് (additive) ഉണ്ടാക്കുന്ന പ്രക്രിയയാണിത്.

വിവിധ ഇനം പ്ലാസ്റ്റിക്കുകൾ, റെസിനുകൾ, ലോഹധൂളികൾ, ധാന്യപ്പൊടികൾ, കോശങ്ങൾ, മെഴുക്, കോമ്പസിറ്റുകൾ കോൺക്രീറ്റുപോലെയുള്ള പദാർത്ഥങ്ങൾ എന്നിവയൊക്കെ നിർമ്മാണ വസ്തുക്കളായി ഉപയോഗിച്ചുവരുന്നു. അസംസ്കൃതവസ്തുശാസ്ത്ര (Material science) രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റം നിർമ്മാണ വസ്തുക്കളുടെ വൈപുല്യത്തിന് കാരണമായിട്ടുണ്ട്. ഇത്തരം നവീന പദാർത്ഥങ്ങളുടെ ഗുണമേന്മ, ദൃഢത, ഊഷ്മവ്യതിയാനങ്ങളെ ചെറുക്കാനുള്ള കഴിവ് തുടങ്ങി നിരവധി കാരണങ്ങളാൽ ഉപയോഗസാധ്യതയിലും വൈവിധ്യങ്ങൾ പ്രകടമാക്കാൻ ഈ നവീന സാങ്കേതികതയ്ക്ക് കഴിയുന്നു.

ത്രിമാന അച്ചടിയുടെ സാധ്യതകളെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്താം. ഒരേ സങ്കേതം ഉപയോഗിച്ച് എല്ലാ അച്ചടിയും സാധ്യമാക്കുക എന്നത് പ്രയോഗികമായിട്ടില്ലെങ്കിലും ചെയ്യുന്ന ജോലിയുടെ കൃത്യത, സൂഷ്മത, പൂർത്തീകരണശേഷമുള്ള രൂപഭംഗി, നിർമ്മിതിക്ക് ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ഉപയോഗം, പാളികളുടെ സംയോജനത്തിനായി ഉപയോഗിക്കുന്ന സാങ്കേതികത എന്നിവയുടെ അടിസ്ഥാനത്തിൽ പല രീതിയിൽ വിഭജിക്കപ്പെടുന്നു. നിർമ്മാണ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സംയോജന നിർമ്മാണം (Additive Manufacturing) എന്ന് വിളിക്കുന്നു. ഈ രീതി നിലവിലെ ഉൽപ്പാദന രീതികളിൽ നിന്നും തികച്ചും വിഭിന്നവും, നിലവിലുള്ള തൊഴിൽശാലാ സങ്കൽപ്പങ്ങളെ പാടേ തകർക്കാൻ പോന്നതുമാണ്. അച്ചുകൾ ഉപയോഗിച്ചുള്ള തുടർ നിർമ്മാണം, മൂശയിൽ ഉള്ള വാർത്തെടുപ്പ്, വ്യവകലന നിർമ്മാണ രീതി (ആവശ്യത്തിലധികമുള്ള ഭാഗങ്ങൾ വ്യത്യസ്ത രീതിയിലൂടെ നീക്കം ചെയ്യുന്ന രീതി) എന്നിവയിലൂടെയുള്ള വമ്പൻ നിർമ്മാണരീതികളെയും പരിമിതികളെയും ആണ് ത്രിമാന അച്ചടി വെല്ലുവിളിക്കുന്നത്. ഈ രീതികളിലൊക്കെ വിലകൂടിയ യന്ത്ര സംവിധാനങ്ങൾ, അധിക മനുഷ്യാദ്ധ്വാനം, നിർമ്മാണ വേളയിലെ അതിസൂഷ്മത എന്നിവ ആവശ്യപ്പെടുന്നുണ്ട്. മാത്രമല്ല ഈ രീതികളിൽ മാലിന്യ ഉൽപ്പാദനം വളരെ കൂടുതൽ ആണ്.

ഈ സാഹചര്യത്തിലാണ് പാളീ രൂപത്തിലുള്ള പദാർഥങ്ങളുടെ സംയോജനരീതിയിലുള്ള നിർമ്മാണ ചിലവ്, സമയം, എന്നിവ കുറച്ച് ഏറ്റവും സങ്കീർണ്ണമായ ഘടകഭാഗങ്ങൾ പോലും സൂഷ്മമായും മാലിന്യരഹിതമായും നിർമ്മിക്കാൻ ആവുമെന്നതിന് സാധ്യതയേറുന്നത്. നിർമ്മാണരീതി, ഉപയോഗിക്കുന്ന പദാർഥത്തിന്റെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ ത്രിമാന അച്ചടി പല രീതിയിൽ ഉണ്ട്.

a) മെറ്റീരിയൽ എക്സ്ട്രൂഷൻ b) പോളിമറൈസേഷൻ
c) പൗഡർ ബെഡ് ഫ്യൂഷൻ (പോളിമറുകൾ, ലോഹങ്ങൾ)
d) മെറ്റീരിയൽ ജെറ്റിങ്ങ് e) ബൈൻഡർ ജെറ്റിങ്ങ്
f ) ഷീറ്റ് ലാമിനേഷൻ

**a) മെറ്റീരിയൽ എക്സ്ട്രൂഷൻ**

ഈ സംയോജന നിർമ്മാണരീതിയിൽ ചില പ്രത്യേകതരം നോസിലുകൾ ഉപയോഗിച്ച് ആവശ്യമുള്ള ഭാഗങ്ങളിൽ പദാർത്ഥങ്ങളെ വിതരണം ചെയ്ത് നിർമ്മിക്കുന്ന രീതി. നിർമ്മാണ പദാർത്ഥം പലപ്പോഴും നാടരൂപത്തിലുള്ള പ്ലാസ്റ്റിക്കുകളോ, ചൂടേറ്റാൽ ഉരുകുന്ന മറ്റു വസ്തുക്കളോ ആകാം. നാട/ഫിലമെന്റ് രൂപത്തിലുള്ള തെർമോപ്ലാസ്റ്റിക്കുകൾ ചൂടാക്കി ഉരുക്കി നോസിലിലൂടെ നിർദ്ദിഷ്ട ഭാഗങ്ങളിൽ ഒന്നിന് മുകളിൽ ഒന്ന് എന്ന നിലയിൽ ചേർത്ത് ദൃഢീകരിക്കുന്നു. ഫ്യൂസ്ഡ് ഫിലമെന്റ് ഫാബ്രിക്കേഷൻ (FFF), ഫ്യൂസ്ഡ് ഡെപോസിഷൻ മോഡൽ (FDM) എന്നിങ്ങനെ രണ്ടു രീതികളിൽ നിലവിലുണ്ട്.

**b) പോളിമറൈസേഷൻ**

ഇവിടെ നിർമ്മാണ വസ്തു ദ്രാവക രൂപത്തിലുള്ള ഫോട്ടോ പോളിമറുകളാണ്. ഫോട്ടോ പോളിമർ ദ്രാവകം നിറച്ച പാത്രത്തിൽ നിർമ്മിക്കപ്പെടേണ്ട വസ്തുവിന്റെ ഡിസൈൻ ആനുപാതികമായുള്ള ദ്രാവകഭാഗങ്ങളിൽ നിശ്ചിത ആവർത്തിയുള്ള ലേസർ രശ്മികളെ പതിപ്പിക്കുന്നു. ലേസർ രശ്മികൾ പതിക്കുന്ന ഭാഗങ്ങളിലെ ദ്രാവകം പ്രകാശ രാസപ്രവർത്തന ഫലമായി ശൃംഖലാ രാസപ്രവർത്തനത്തിന് (Polymerization) വിധേയമാകുകയും അവിടം ദൃഢീകരിക്കപ്പെടുകയും ചെയ്യുന്നു. സ്റ്റീരിയോ ലിത്തോഗ്രാഫി (SLA), ഡയറക്റ്റ് ലേസർ പ്രോസസിങ് (DLP) എന്നിവ ഈ സാങ്കേതികത് അനുസൃതമായി പ്രവർത്തിക്കുന്നു.

**c) പൗഡർ ബെഡ് ഫ്യൂഷൻ**

പോളിമറുകൾ, ലോഹ ധൂളികൾ എന്നിവ നിറച്ച പാത്രത്തിൽ പ്രത്യേക ആവൃത്തിയുള്ള തീവ്രരശ്മി ഉപയോഗപ്പെടുത്തി രൂപഘടനയ്ക്ക് ആനുപാതികമായി ലോഹ, പോളിമർ കണികകളെ ചൂടാക്കി ഒന്നിച്ചുചേർക്കുന്ന സാങ്കേതിക വിദ്യയാണിത്. സെലെക്റ്റീവ് ലേസർ സിന്ററിങ്ങ് (SLS), ഡയറക്റ്റ് മെറ്റൽ ലേസർ സിന്ററിങ്ങ് (DMLS), സെലെക്റ്റീവ് ലേസർ മെൽറ്റിംഗ് (SLM), ഇലക്ട്രോൺ ബീം മെൽറ്റിംഗ് (EBM) എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

**d) മെറ്റീരിയൽ ജെറ്റിങ്ങ്**

ഇവിടെ ആവശ്യമുള്ള ഭാഗങ്ങളിൽ ദ്രാവകരൂപത്തിലുള്ള പദാർത്ഥങ്ങളെ നിക്ഷേപിച്ച് ദൃഢീകരിക്കുന്ന രീതിയാണ്. മെറ്റീരിയൽ ജെറ്റിങ്ങ് (MJ), ഡ്രോപ്പ് ഓൺ ഡിമാൻഡ് (DOD) എന്നീ രീതികൾ മെറ്റീരിയൽ ജെറ്റിങ്ങിൽ ഉൾപ്പെടുന്നു.

**e) ബൈൻഡർ ജെറ്റിങ്ങ്**

ഈ രീതിയിൽ ധൂളീ രൂപത്തിലുള്ള പദാർത്ഥങ്ങളെ ചേർത്ത് നിർത്തുന്നതിന് പശ രൂപത്തിലുള്ള ഒരു വസ്തു ഉപയോഗിക്കുന്നു. ഇതുവഴി ആവശ്യമായ സ്ഥലങ്ങളിൽ മാത്രം ഈ രീതി ഉപയോഗിച്ച് നിർമ്മാണം സാധിതമാക്കുന്നു. അച്ചടി പൂർത്തിയായതിനു ശേഷം ഉപരിതലം മിനുസപ്പെടുത്തിഎടുത്ത് ഉപയോഗിക്കുന്നു.

**f) ഷീറ്റ് ലാമിനേഷൻ**

ഈ രീതി പ്രകാരം നിർമ്മിക്കപ്പെടേണ്ട വസ്തുവിന്റെ നേർത്ത പാളികളെ പശ ഉപയോഗിച്ച് ചേർത്ത് ഒട്ടിക്കുന്നു. ഇതിൽ ആവശ്യമില്ലാത്ത ഭാഗങ്ങൾ മുറിച്ചുനീക്കുന്നു. അൾട്രാസോണിക് അഡിക്റ്റീവ് മാനുഫാക്ചറിങ്ങ് (UAM), ലാമിനേറ്റഡ് ഒബ്ജക്റ്റ് മാനുഫാക്ചറിങ്ങ് (LOM) എന്നിവ ഇതിൽപ്പെടുന്നു.

**(ലേഖനം അടുത്ത ലക്കത്തിൽ തുടരും)**

ലേഖകൻ ഫ്യൂച്ചർ 3 ഡി എന്ന 3 ഡി പ്രിന്റിങ്ങ് സ്ഥാപനത്തിന്റെ പ്രാരംഭകനും, സി.ഇ.ഒ. യുമാണ്.

ലോകത്തിലെ ഏറ്റവും വലിയ അച്ചടി ഗുണനിലവാരനിർണ്ണയ സ്ഥാപനമായ ഫോഗ്രയുടെ ആദ്യ ഇന്ത്യൻ പ്രതിനിധി, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS), അച്ചടിഗുണനിലവാര നിർണ്ണയസമിതി ISO TC 130, കമ്മിറ്റി അംഗം., ഇന്റർനാഷണൽ കളർ കൺസോർഷ്യം (ICC), വെർജീനിയ , യു.എസ്.എ., ISO TC 130 & ഡിസ് പ്ലേ വിഭാഗം, കമ്മിറ്റി അംഗം, ഗന്റ് വർക്കിംഗ് ഗ്രൂപ്പ് (GWG), ബെൽജിയം അംഗം, 3 ഡി പ്രിന്റിങ്ങ് സംബന്ധിയായ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ.എസ്.എസ്.ഐ.എ. അംഗം കൂടിയാണ്.

K FOOD

# ഫുഡ് എക്സ്പോ 2024

## ഒക്ടോബർ 4 മുതൽ 6 വരെ കിൻഫ്രാ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ എറണാകുളം ജില്ലാ യൂണിറ്റും ഐസ് എക്സ്പോ കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും സംയുക്തമായി ഫുഡ് എക്സ്പോ കെ. ഫുഡ് സംഘടിപ്പിക്കുന്നു. 2024 ഒക്ടോബർ 4 മുതൽ 6 വരെ കാക്കനാട് കിൻഫ്രാ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് ഈ എക്സിബിഷൻ സംഘടിപ്പിക്കുന്നത്. ഭക്ഷ്യ അധിഷ്ഠിത മേഖലയുടെ വൻ വികസന സാദ്ധ്യത കണക്കിലെടുത്ത് ഈ മേഖലയിലെ സംരംഭങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും പുതിയ സംരംഭകരെ ഈ മേഖലയിലേക്ക് കടന്ന് വരാനും പ്രോത്സാഹനം നല്കുന്ന ഈ എക്സിബിഷനിൽ ഭക്ഷ്യ അധിഷ്ഠിത മേഖലയിലെയും 250 സ്റ്റാളുകൾ ഉണ്ടാകും. ഭക്ഷ്യ അധിഷ്ഠിത മേഖലയിലെ മറ്റു വിദേശ പ്രതിനിധികളെയും ഉൾപ്പെടുത്തി കൊണ്ടുള്ള ബയർ സെല്ലർ മീറ്റും സംഘടിപ്പിക്കുന്നുണ്ട്. 16 – ാം തിയതി കെ. എസ്. എസ്. ഐ. എ. സംസ്ഥാന കമ്മിറ്റി ഓഫീസ്സിൽ നടന്ന ജില്ലാ കമ്മിറ്റി യോഗത്തിൽ വച്ച് എറണാകുളം ജില്ലാ പ്രസിഡന്റ് എം. എ. അലിയും ഐസ് എക്സ്പോ ഡയറക്ടർ റ്റി. എസ്. ബാസിത്തും തമ്മിൽ ഫുഡ് എക്സ്പോ ധാരണ പത്രത്തിൽ (എം. ഒ. യു) ഒപ്പ് വച്ചു. വൈസ് പ്രസിഡന്റ് ടോം തോമസ്, ജില്ലാ സെക്രട്ടറി വി. എം. ബിനു, ജോ. സെക്രട്ടറി എൻ. എ. അനീസ് ജില്ല ട്രഷറർ ജി. രാജേഷ്, ഐസ് എക്സ്പോ സി. ഇ. ഒ. ഹരികൃഷ്ണൻ എന്നിവർ പങ്കെടുത്തു.




ധാരണാ പത്രം ഒപ്പ് വെക്കുന്ന ചടങ്ങ്.






Location Map:
KINFRA International
Exhibition Centre

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE
To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects
- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount
- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility
- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features
- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs
- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

---

sidbi

# EXPRESS

## Machinery Loans Made Easy For MSMEs
✓Seamless Online Loan application Journey
✓Automated Loan Processing
✓Immediate In-Principle offer

### TARGET GROUP
- GST registered MSME units in operations for atleast 3 years

### LOAN AMOUNT
- Upto Rs. 100 lakh
- Upto 100% financing

### FEATURES
- Attractive rate of Interest
- Lower processing Fees
- Quick disbursement

### CONTACT US AT
033 – 68286212
1800-22-6753
bd.dcv@sidbi.in

### VISIT US AT
www.sidbi.in



Image: Freepik.com"

---

सिडबी sidbi

G20 | 75 Azadi Ka Amrit Mahotsav

# EV4ECO Mission 50000

## EV SCHEME FOR DIRECT LENDING



**OBJECTIVE**
To scale-up e-2/3/4Ws adoption..

### ELIGIBLE BORROWERS
- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory. | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee** 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

**Repayment Period:** Max repayment up to 5 years.
**Interest Rates*:** Starting at 7%
* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in

25th April 2024, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.